കേരള സർക്കാർ

നം.54345/ഡിഎ1/ 2010/തസ്വഭവ

തദ്ദേശസ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം, തീയതി :02.09.2010.

OFFICE OF THE DIRECTOR OF SOCIAL WELFARE (ANNEXE) 19 SEP 2010 TRIVANDRUM

C3

## സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ് - അംഗൻവാടി കേന്ദ്രത്തിലെ പ്രീ- സ്കൂൾ കുട്ടികൾക്ക്, സ്കോളർഷിപ്പ് അലവൻസ് - അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന :-(1) 24.07.2007 - ലെ സ.ഉ(എം.എസ്) നമ്പർ:183/07/തസ്വഭവ

(2) സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടറുടെ 22.07.2010 - ലെ ഐ.സി.ഡി.എസ്/സി1/18573/10-ാം നമ്പർ കത്ത്

(3) 05.08.10 - ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോ-ഓർഡിനേഷൻ തീരുമാനം നമ്പർ:2.31(3)

12785/I.T.Sect.

സൂചന(1) സർക്കാർ ഉത്തരവ് ഖണ്ഡിക 4.3 പ്രകാരം ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന നഴ്സറിക്ലാസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, അലവൻസ് എന്നിവ അനുവദിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ അംഗൻവാടി കുട്ടികൾക്ക്കൂടി ബാധകമാക്കിക്കൊണ്ടുള്ള നിർദ്ദേശം പുറപ്പെടുവിക്കുവാൻ സൂചന(2) പ്രകാരം സാമൂഹ്യക്ഷേമവകുപ്പു ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

(2) സൂചന(3) -ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോ-ഓർഡിനേഷൻ തീരുമാനപ്രകാരം നഴ്സറി ക്ലാസ്സ് വിദ്യാർത്ഥികൾക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ അംഗൻവാടി കേന്ദ്രത്തിൽ എത്തുന്ന മേൽവിഭാഗത്തിൽപ്പെട്ട പ്രീ-സ്കൂൾ കുട്ടികൾക്കും അനുവദിക്കാവുന്നതാണ് എന്ന് വിശദീകരണം നൽകുന്നു.

ബി.സരസ്വതി അമ്മ,
അഡീഷണൽസെക്രട്ടറി,
പ്രിൻസിപ്പൽസെക്രട്ടറിക്കുവേണ്ടി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യക്ഷേമവകുപ്പ്, തിരുവനന്തപുരം

(ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കേണ്ടതാണ്)

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം

ഡയറക്ടർ, കില

സ്റ്റേറ്റ് ലെവൽ റിസോഴ്സ്ഗ്രൂപ്പ്

ഓഫീസ് കോപ്പി/ കരുതൽഫയൽ

പകർപ്പ്:- സെക്രട്ടറി, സാമൂഹ്യക്ഷേമവകുപ്പ്,തിരുവനന്തപുരം